**GAZETTE DATE : 15.10.2025**
**LAST DATE : 19.11.2025**

# CATEGORY NO: 383/2025

Applications are invited online only through One Time Registration from qualified candidates for appointment in the undermentioned post .

| | | | |
|---|---|---|---|
| 1. | **Name of the firm** | : | **KSRTC/Kerala Livestock Development Board/State Farming Corporation of Kerala Limited/ Kerala State Development Corporation for SC & ST Ltd./Kerala Artisans' Development Corporation Ltd./SIDCO/ Pharmaceutical Corporation (IM) Kerala Ltd. (Oushadhi)/ Handicrafts Development Corporation of Kerala Ltd./ Kerala State Film Development Corporation Ltd./ United Electrical Industries Ltd./Kerala State Drugs & Pharmaceuticals Ltd./Kerala Electrical & Allied Engineering Company Ltd./ Kerala Shipping & Inland Navigation Corporation Ltd./Kerala Headload Workers Welfare Board/ Kerala Labour Welfare Fund Board/ Kerala Motor Transport Workers Welfare Fund Board/ Kerala Toddy Workers Welfare Fund Board/Kerala State Bamboo Corporation Ltd/Other Welfare Fund Boards etc.** |
| 2. | **Name of Post** | : | **Junior Assistant/Assistant Grade II/ LD Clerk/Clerk/ Field Assistant/Depot Assistant etc.** |
| 3. | **Scale of pay** | : | **Scale of pay as prescribed for the post by the Company/ Corporation/ Board concerned.** |
| 4. | **Number of vacancies** | : | **Anticipated** |

(i) The Ranked list of eligible candidates published by the Commission in pursuance of this Notification shall remain in force for a minimum period of one year and a maximum period of three years from the date of publication of the Ranked List provided that the list will not continue to be in force if a new Ranked List is published after the minimum period of expiry of one year from the date of publication of this Ranked List. Candidates will be advised for recruitment against the vacancies reported for the posts/similar posts during the period of currency of the Ranked list having the scale of pay as prescribed by the above Company/ Corporation/ Board from this Ranked List in accordance with the rules of reservation and rotation followed by the Commission. **Candidates shall not have the right to choose a particular Company/ Corporation/ Board or scale of pay.**

(ii)The Kerala Public Service Commission shall have the power to cancel the advice for appointment of any candidate to the above post, if it is subsequently found that such advise was made under some mistake. On such cancellation the appointing authority shall terminate the service of candidate, provided that, the cancellation of advice for appointment by the Commission and subsequent termination of service of the candidate by the appointing authority shall be made within the period of probation or 240 days from the date of joining duty whichever is earlier.

(iii) As per G.O.(P).No.05/2023/SJD Dated 01.10.2023, 4% of the vacancies are reserved for Differently Abled candidates. As per the above Government order, differently abled candidates identified for 4% reservation for the post with benchmark disability should produce Disability Certificate, Physical & Functionality Certificate as stipulated in the said Government Order before the Kerala Public Service Commission as and when called for.

(Link)
Present Order for Rights of Persons with Disabilities Act, 2016 Section 34

5. **Method of appointment :** Direct Recruitment

**6. Age Limit** : 18-36; Only candidates born between 02.01.1989 and 01.01.2007 (both dates included) are eligible to apply for this post. Other Backward Communities and SC/ST candidates are eligible for usual age relaxation.

**Note:-** The provisional hands working in any one of the above Companies/ Corporations/Boards will be given age relaxation to the extent of their provisional service put in subject to a maximum of Five years from the upper age limit provided they were within the prescribed age limit on the date of their first appointment in the above concern. But the regular employees of the concern are not eligible for the above concession for further appointment. The provisional hands should obtain certificate showing the period of their provisional service in the concern and shall produce the same as and when required by the Commission. It should also be clearly specified in the certificate that they were not working in the regular service of the concern. **The overaged candidates who become eligible to be included in the Ranked List on the basis of their provisional service in any one of the above Companies/ Corporations/ Boards will be considered only in the vacancies reported by the same Company/ Corporation/ Board in which they have worked provisionally.**

[For other conditions regarding the age relaxation please see Para 2 (i), (ii), (iii), (iv), (vi),(vii) and(xii) of the General Conditions]

**7. Qualifications** : Must possess B.A/B.Sc./B.Com. Degree of a recognized University or its equivalent.

Note:-

1 Rule 10 a (ii) of Part II of KS&SSR is applicable.

2 In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post in the Special Rules or found acceptable by the Commission in cases where acceptance of equivalent qualification is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent / higher qualifications shall be produced before the Commission as and when called for

3 In the case of difference in original caste/community claimed in the application and that entered in SSLC book, the candidate shall produce a Gazette notification in this regard, along with Non Creamy Layer Certificate/Community Certificate at the time of certificate verification.

4 Appropriate disciplinary action as per Rule 22 of KPSC Rules of procedure 1976, will be initiated against those candidates who submit applications with bogus claims of qualification and submit confirmation for writing examination irrespective of whether they are present or absent for the examination.

5 Advice on recruitment will also be made from the Ranked List published in pursuance of this notification against the vacancies reported for the posts with similar qualifications and scale of pay from the various government owned companies /corporations/boards/local institutions/public sector undertakings not specified in this notification including the posts for which special rules for recruitment will be framed

in due course.

**8. Mode of submitting applications :-**

(a) Candidates must register as per 'ONE TIME REGISTRATION ' with the Official Website of Kerala Public Service Commission 'www.keralapsc.gov.in' before applying for the post. Candidates who have registered can apply by logging on to their profile using their User- ID and password. Candidates must click on the 'Apply Now' button of the respective posts in the Notification link to apply for a post. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. **But the candidates who create new One Time Registration profile should upload photograph taken within 6 months**. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of the password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User- ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep a print out or soft copy of the online application for future reference . Candidates can take the print out of the application by clicking the link "My Application" in their profile. All correspondences with commission regarding the application should be accompanied with the print out of the application. The application will be summarily rejected if non compliance with the notification is found in due course of processing. Documents to prove qualification, age, community etc. have to be produced as and when called for .

(b) If a written/OMR/On-line Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will given to the candidates in their respective profiles and in the mobile phones registered in it.

(c) **Candidates who have Aadhaar Card should add Aadhaar Card as ID proof in their profile.**

**9. Last date for submission of application:- 19.11.2025 Wednesday up to 12 midnight.**

**10. Address of Website to which applications are to be sent :** www.keralapsc.gov.in

**11.** (a) Sub Paras v,viii,ix,x,xi,xiii and xiv of Para 2 and Para 6 of the general conditions are not applicable to this post.

(b) The selection to the above concerns will be subject to the rules and regulations made by them from time to time.

**(Candidates must see the General Conditions in Part II of the Gazette Notification for instructions regarding Photo, ID Card etc.)**

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 383/2025

താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1. | **സ്ഥാപനത്തിന്റെ പേര്** | : | **കെ.എസ്.ആർ.ടി.സി / കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്/സ്റ്റേറ്റ് ഫാമിങ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് /കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപറേഷൻ ഫോർ എസ്.സി ആൻഡ് എസ്.ടി ലിമിറ്റഡ്/ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് /സിഡ്കോ / ഫാർമസ്യൂട്ടിക്കൽ കോർപറേഷൻ (ഐ.എം) കേരള ലിമിറ്റഡ് (ഔഷധി)/ ഹാൻഡി ക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ്/കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ്/ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് / കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്/ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് / കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപറേഷൻ ലിമിറ്റഡ് / കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ് /കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് / കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്/കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്/ കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ് /മറ്റു വെൽഫെയർ ഫണ്ട് ബോർഡുകൾ മുതലായവ** |
| 2. | **ഉദ്യോഗപ്പേര്** | : | **ജൂനിയർ അസ്സിസ്റ്റന്റ്/അസ്സിസ്റ്റന്റ് ഗ്രേഡ് II/എൽ. ഡി ക്ലാർക്ക്/ ക്ലാർക്ക് / ഫീൽഡ് അസിസ്റ്റന്റ്/ഡിപ്പോ അസിസ്റ്റന്റ് മുതലായവ** |
| 3. | **ശമ്പളം** | : | **ഈ തസ്തികയ്ക്ക് അതത് കമ്പനി/ കോർപ്പറേഷൻ/ ബോർഡ് നിശ്ചയിച്ചിട്ടുള്ള ശമ്പള നിരക്ക്** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | **പ്രതീക്ഷിത ഒഴിവുകൾ** |

i) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്കലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മേല്പറഞ്ഞ വിവിധ കമ്പനി/ കോർപ്പറേഷൻ/ ബോർഡ് എന്നിവിടങ്ങളിൽ നിന്ന് അതതു സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ശമ്പള നിരക്കിൽ ഇതേ തസ്തികയ്ക്ക് /സമാന തസ്തികയ്ക്ക്,റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള സംവരണ വ്യവസ്ഥകൾക്ക് വിധേയമായി നിയമനശിപാർശ നടത്തുന്നതാണ്. **മേല്പറഞ്ഞതിൽ ഏതെങ്കിലും പ്രത്യേക കമ്പനിയോ, കോർപ്പറേഷനോ, ബോർഡോ ശമ്പളനിരക്കോ തെരഞ്ഞെടുക്കാനുള്ള അനുവാദം ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരിക്കുന്നതല്ല**

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

iii) ആകെ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ 4% ഒഴിവുകൾ ഭിന്നശേഷിവിഭാഗം ഉദ്യോഗാർഥികൾക്കായി 01.10.2023 തീയതിയിലെ G.O.(P)No. 05/2023/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നീക്കിവച്ചിരിക്കുന്നു. മേൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾ Disability Certificate, Physical & Functionality Certificate എന്നിവ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്

(Link)

Present Order for Rights of Persons with Disabilities Act, 2016 Section 34

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം

6. **പ്രായ പരിധി** : 18-36 ; ഉദ്യോഗാർത്ഥികൾ 02.01.1989-നം 01.01.2007- നം ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും .

**കുറിപ്പ്:** മേല്പറഞ്ഞ ഏതെങ്കിലും കമ്പനിയിലോ കോർപ്പറേഷനിലോ ബോർഡിലോ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർക്ക് ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായ പരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായ പരിധിയിൽ ഇളവ് അനുവദിക്കുന്നതാണ് .എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനങ്ങളിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.ഇപ്രകാരം നിശ്ചിത പ്രായ പരിധി കഴിഞ്ഞവരും മേല്പറഞ്ഞ ഏതെങ്കിലും കമ്പനിയിലെ /കോർപ്പറേഷനിലെ /ബോർഡിലെ താൽക്കാലിക സർവ്വീസിന്റെ അടിസ്ഥാനത്തിൽ പ്രായപരിധിയിൽ ഇളവ് ലഭിച്ചു റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ യോഗ്യത നേടിയവരുമായ ഉദ്യോഗാർത്ഥികളെ അവർ താൽക്കാലിക സേവനം അനുഷ്ഠിച്ചിരുന്ന അതേ കമ്പനി / കോർപ്പറേഷൻ /ബോർഡിലെ ഒഴിവുകൾക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ .

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),&(xii)നോക്കുക.)

7. **യോഗ്യതകൾ** : ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ലഭിച്ച ബി.എ /ബി.എസ്.സി / ബി.കോം ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത നേടിയിരിക്കണം

**കുറിപ്പ് :-** (1) KS&SSR പാർട്ട് II റൂൾ 10(a)(ii) ബാധകമാണ്

(2) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാന്റിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാകേണ്ടതാണ്.

(3) ഉദ്യോഗാർത്ഥി അപേക്ഷയിൽ ശരിയായ ജാതി /സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രിമിലെയർ /ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യതാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്തു ഹാജരാക്കേണ്ടതാണ് .

(4) യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ചു അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ, ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ 1976 -ലെ KPSC Rules of Procedure, Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ് .

(5) ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക്പട്ടികയിൽ നിന്നും, ഈ വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടില്ലാത്ത, പുതിയതായി നിയമനചട്ടങ്ങൾ രൂപീകരിക്കുന്നവ ഉൾപ്പെടെയുള്ള, സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനി/ കോർപറേഷൻ / ബോർഡ് /തദ്ദേശ സ്ഥാപനം/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന സമാന ശമ്പളഘടനയും, സമാനയോഗ്യത നിഷ്കർഷിച്ചിട്ടുള്ളതുമായ, സമാന സ്വഭാവമുള്ള തസ്തികകളിലേക്കും നിയമന ശിപാർശ ചെയ്യുന്നതാണ്

**8. അപേക്ഷകൾ സമർപ്പിക്കേണ്ട രീതി**

(a) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി '**ഒറ്റത്തവണ രജിസ്ട്രേഷൻ**' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID-യും Password-ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link- ലെ 'Apply Now'-ൽ മാത്രം click ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിതമാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടായിരിക്കും. **എന്നാൽ പുതിയതായി പ്രൊഫൈൽ ഉണ്ടാക്കുന്ന ഉദ്യോഗാർത്ഥികൾ 6(ആറ് )മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോ സംബന്ധിച്ച് മറ്റു നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല .അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതും

ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile-ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/Print out എടുത്ത് സൂക്ഷിക്കേണ്ടതാണ്.ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My Applications' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുക്കാവുന്നതാണ്.അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് കൂടി സമർപ്പിക്കേണ്ടതാണ് . തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി,വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(b) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) ,ഉദ്യോഗാർത്ഥികൾ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ് .അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയ പരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാക്കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

(c)ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : 19.11.2025 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ**

**10. അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് മേൽ വിലാസം : www.keralapsc.gov.in**

**11.** (a) പൊതുവ്യവസ്ഥകളിലെ 2-)o ഖണ്ഡികയിലെ v,viii,ix,x,xi,xiii&xiv എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 6 ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

**(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക്. ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ